## പതിമൂന്നാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.16 26.09.2011 ൽ മറുപടിക്ക്**

**പെട്രോളിയം വില വർദ്ധനയും നികുതി വരുമാനവും**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സണ്ണി ജോസഫ് :<br>ശ്രീ.സി.പി.മുഹമ്മദ് :<br>ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ :<br>ശ്രീ.ബെന്നി ബെഹനാൻ : | ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പു മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പെട്രോളിയം ഉല്പന്നങ്ങളുടെ വിലവർദ്ധന മൂലം സംസ്ഥാനത്തിന് ലഭിക്കുമായിരുന്ന വില്പന നികുതി ഒഴിവാക്കിയതിന്റെ അടിസ്ഥാനത്തിൽ നികുതി വരുമാനത്തിൽ എത്ര തുകയുടെ കുറവ് വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പെട്രോളിയം ഉല്പന്നങ്ങളുടെ വില വർദ്ധന മൂലം സംസ്ഥാനത്തിന് ലഭിക്കുമായിരുന്ന വില്പന നികുതി ഒഴിവാക്കിയതിന്റെ അടിസ്ഥാനത്തിൽ പ്രതിമാസം നികുതി വരുമാനത്തിൽ 33.15 കോടി രൂപയുടെ കുറവ് വരുമെന്ന് കണക്കാക്കിയിട്ടുണ്ട്. 2011 മേയ് 14 ന് പെട്രോളിനും, 2011 ജൂൺ 25 ന് ഡീസലിനും 2011 സെപ്റ്റംബർ 16 ന് പെട്രോളിന് വീണ്ടും വില വർദ്ധിപ്പിക്കുകയുണ്ടായി. 2011 മേയ് 14 ന് പെട്രോൾ ലിറ്ററിന് 5 രൂപ വർദ്ധിപ്പിച്ചതിനെ തുടർന്ന് സർക്കാരിന് ആ തുകയിൽ നിന്നു പ്രതിമാസം ലഭിക്കുമായിരുന്ന അധിക വില്പന നികുതിയായ 11 കോടി രൂപ വേണ്ടെന്നു വെയ്ക്കുകയുണ്ടായി. ഇതിൻ പ്രകാരം പെട്രോളിന് 1.22 രൂപ കുറവുണ്ടായി |

.......2

| | |
|---|---|
| | [illegible] ലഭിക്കുമായിരുന്ന പ്രതിമാസ അധിക വില്പന നികുതി വരുമാനമായ 13.07 കോടി രൂപ വേണ്ടെന്ന് വയ്ക്കുകയുണ്ടായി. ഇതിൻപ്രകാരം ഡീസലിന് ലിറ്ററിന് 75 പൈസയുടെ കുറവുണ്ടായി. 2011 സെപ്റ്റംബർ 16 ന് പെട്രോൾ വില ലിറ്ററിന് 3.14 രൂപ വീണ്ടും വർദ്ധിപ്പിച്ചപ്പോഴും ഈയിനത്തിൽ പ്രതിമാസം സർക്കാരിന് ലഭിക്കുമായിരുന്ന അധിക റവന്യൂ വരുമാനം 9.08 കോടി രൂപ വേണ്ടെന്നു വയ്ക്കുകയുണ്ടായി. ഇതിൻ പ്രകാരം മൊത്തം 33.15 കോടി രൂപ പ്രതിമാസ നികുതി വരുമാനത്തിൽ കുറവു വരുമെന്ന് കണക്കാക്കിയിട്ടുണ്ട്. |
| (ബി) കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ പെട്രോളിയം ഉല്പന്നങ്ങളുടെ വില വർദ്ധിപ്പിച്ച വകയിൽ വില്പന നികുതിയിൽ വന്ന വർദ്ധനവ് വഴി എത്ര രൂപയുടെ അധിക വരുമാനമുണ്ടായി എന്ന് വ്യക്തമാക്കുമോ? | (ബി) കഴിഞ്ഞ 5 വർഷത്തിനിടയിൽ പെട്രോളിയം ഉല്പന്നങ്ങളുടെ വില വർദ്ധിപ്പിച്ച വകയിൽ വില്പന നികുതിയിൽ വന്ന വർദ്ധനവ് വഴി 668.07 കോടി രൂപയുടെ അധിക വരുമാനമുണ്ടായി എന്ന് കണക്കാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ